ഓം അമൃതേശ്വര്യൈ നമഃ

# അമൃത ട്രൈബൽ സെന്റർ കോവിൽമേട്, അഗളി

ആദിവാസി മേഖലയിലെ മഠത്തിന്റെ ക്ഷേമപ്രവർത്തനങ്ങളുടെ സിൽവർ ജൂബിലിയുടെ (1989–2014) ഭാഗമായി അഗളി അമൃത ഭവനിൽ 01.01.2014 മുതൽ അട്ടപ്പാടിയിലെ ആദിവാസിക്ഷേമത്തിനായി ആരംഭിച്ച പദ്ധതിയുടെ റിപ്പോർട്ട്.

അട്ടപ്പാടി കോവിൽമേട്ടിൽ യുവജനങ്ങൾക്കായി അമൃത ട്രൈബൽ സെന്റർ എന്ന പേരിൽ ഓഫീസ് തുടങ്ങിയിരിക്കുന്നു. ഒരു കംപ്യൂട്ടർ/ടെയിലറിംഗ് ടീച്ചറും, യോഗ പഠിപ്പിയ്ക്കുവാനും കോ–ഓർഡിനേഷൻ വർക്കുകൾ ചെയ്യുവാനുള്ള ഒരു ഓഫീസറും, ക്ലെറിക്കൽ ജോലികൾക്കായി മറ്റൊരു പെൺകുട്ടിയും ഇവിടെ ജോലിചെയ്യുന്നു.

അമ്മയുടെ 60–ാം പിറന്നാൾ പ്രചോദനങ്ങൾ ഉൾക്കൊണ്ട് മാതാ അമൃതാനന്ദമയി മഠത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയിലെ 101 ഗ്രാമങ്ങൾ (അമൃത സ്വാശ്രയഗ്രാമങ്ങൾ – Amrita SeRVe) ദത്തെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി അമൃത ട്രൈബൽ സെന്റർ ചെയ്തുവരുന്ന പ്രവർത്തങ്ങളുടെ വാർഷിക റിപ്പോർട്ട്.

(01) സൗജന്യ അലോപ്പതി വൈദ്യപരിശോധനയും മരുന്നു വിതരണവും: AIMS –ലെ ശിശുവിഭാഗം, ജനറൽ സർജറി, ദന്തരോഗവിഭാഗം, ജനറൽ മെഡിസിൻ, സ്ത്രീരോഗങ്ങൾ – എന്നിവയിലെ ഡോക്ടർമാർ, ടെലിമെഡിസിൻ, മൊബൈൽ ദന്തവിഭാഗം വാഹനങ്ങൾ ചിണ്ടാക്കി, മുള്ളി, അഗളി (3 തവണ) എന്നീ സ്ഥലങ്ങളിൽ ക്യാമ്പുകൾ നടത്തി, (200–300) രോഗികളെ കോളനികളിൽ നിന്നും വാഹനങ്ങളിൽ ക്യാമ്പിൽ എത്തിച്ചു.

(02) സൗജന്യ ആയുർവേദ പരിശോധനയും മരുന്നു വിതരണവും: കാഞ്ചി ജയേന്ദ്ര സരസ്വതി ആയുർവേദ കോളേജിലെ 10 ഡോക്ടർമാർ, ഷോളയൂർ ആദിവാസി ഗ്രാമത്തിൽ എത്തി വൈദ്യപരിശോധന നടത്തി. 36 രോഗികളെ പരിശോധിച്ചു മരുന്നുകൾ നൽകി.

(03) **സൗജന്യ ഇലക്ട്രീഷൻ പരിശീലന കോഴ്സ്:** MSME തിരുവല്ലയുടെ സഹായത്താൽ 20 ആദിവാസി ചെറുപ്പക്കാർക്ക് എളച്ചിവഴി കമ്മ്യൂണിറ്റി സെന്ററിൽ വെച്ച് പരിശീലനം നൽകി. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. എല്ലാവർക്കും തൊഴിൽ ലഭിച്ചു.

(04) **പ്രീ നേഴ്സിംഗ് പരിശീലനം:**
പത്താം ക്ലാസ്സുവരെ പഠിച്ച ആദിവാസി പെൺകുട്ടികൾക്കായി പ്രാഥമിക ആരോഗ്യ പരിപാലനത്തിനുള്ള 12 മാസത്തെ പരിശീലന ക്ലാസ്സ് ആരംഭിച്ചു. 9 കുട്ടികൾ ട്രൈബൽ വോളണ്ടിയർമാരായി പരിശീലനം സർക്കാർ ആശുപത്രിയിൽ നടത്തി.

മാനസികരോഗികളുടെയും, ലഹരി മയക്കുമരുന്നിന് അടിമകളായവരുടെയും സർവ്വേ നടക്കുന്നു.

പ്രാഥമിക ആരോഗ്യ പരിപാലനത്തിനുള്ള മൂന്നു മാസത്തെ പരിശീലനം കൊച്ചിയിലെ അമൃത ആശുപത്രിയിൽ ആരംഭിച്ചു. 5 കുട്ടികൾ ട്രൈബൽ വോളണ്ടിയർമാരായി പരിശീലനം തുടരുന്നു.

(05) സൗജന്യ ട്യൂഷൻ സെന്റർ – മുള്ളി, ചിണ്ടാക്കി, കോട്ടത്തറ:
ഊരിലെ കുട്ടികൾക്കായി ട്യൂഷൻ ക്ലാസ്സുകൾ തുടരുന്നു. പുസ്തകം, കളിസാധനങ്ങൾ, വിവിധ പഠനോപകരണങ്ങൾ എന്നിവ നൽകി. എല്ലാ ദിവസവും ഭക്ഷണ സാധനങ്ങൾ നൽകി വരുന്നു.

(06) കമ്പ്യൂട്ടർ (ടാബ്ലറ്റ്) പാഠ്യപരിപാടി അക്ഷരം അറിയാത്തവർക്കായി ടാബ്ലെറ്റ് ഉപയോഗിച്ചുള്ള സൗജന്യ പഠനക്ലാസ്സുകൾ Creative @ Amrita–യുടെ ആഭിമുഖ്യത്തിൽ നടക്കുന്നു. T.T.C -ക്കാരായ മൂന്നുപേർ, ഡിഗ്രി പഠിച്ച മൂന്നുപേർ ഉൾപ്പെടുന്ന ആദിവാസി യുവതി–യുവാക്കൾ ക്ലാസ്സ് എടുക്കുന്നു.

(07) **യോഗാ പരിശീലനം, തെറാപ്പി:**
എല്ലാമാസവും 3 ദിവസം വിവിധ കേന്ദ്രങ്ങളിൽ സൗജന്യ യോഗാ തെറാപ്പിയും ക്ലാസ്സും നടത്തുന്നു. മിസ്. വിനിഷ (M.Sc -Yoga)– മാസത്തിലൊരിക്കൽ എത്തുന്നു.

(08) **ലഹരി മയക്കുമരുന്നു വിമോചന കേന്ദ്രം:**
മയക്കു മരുന്നിനും, പോഷകാഹാരക്കുറവിനും, ആത്മഹത്യ പ്രവണതക്കുമെതിരെയുള്ള ബോധവൽക്കരണ കേന്ദ്രം, അമൃത പുനരധിവാസ കേന്ദ്രം, കോവിൽമേട് – അഗളിയിൽ പ്രവർത്തിക്കുന്നു. രോഗികളെ കോളനിയിലെത്തി ചികിത്സിക്കുന്നു. മരുന്നുകൾ എത്തിച്ചു കൊടുക്കുന്നു.

(1) കോളനികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ, ചികിത്സ.

(2) പഠനം നിർത്തിയവർക്കു തുടർപഠനം (5–10 വരെ) പാരിപ്പള്ളിയിൽ (നിബന്ധനകൾക്ക് വിധേയം)

(3) കൗമാരപ്രായക്കാർക്ക് പ്രത്യേക ബോധവൽക്കരണം, ജോലി സാധ്യത പരിശീലനം. ഇട്ടിമട അമൃത വിശ്വവിദ്യാപീഠത്തിലെ പ്രൊഫ. ഡോ. ഉഷ ക്ലാസ്സുകൾ എടുക്കുന്നു.

(4) സ്വശ്രയ സംഘങ്ങൾ, ജീവനോപാധികൾ സംഘടിപ്പിച്ചു വരുന്നു.

(5) മഠത്തിന്റെ സ്ഥാപനത്തിൽ തൊഴിൽ സാധ്യതകൾ (സേവന വേതന വ്യവസ്ഥകൾക്കു വിധേയമായി) 18 പേർക്ക് തൊഴിൽ നൽകി.

(6) ആദിവാസി രോഗികൾക്ക് AIMS – ൽ ഉയർന്ന ചികിത്സാ സൗകര്യങ്ങൾ. ക്യാമ്പിൽ കണ്ടെത്തിയ 12 ഓളം ആദിവാസികൾക്ക് സ്പെഷ്യലിസ്റ്റ് ചികിത്സയും ഓപ്പറേഷനും നൽകി.

(7) ആദിവാസി കുട്ടികൾക്കായുള്ള പഠന–വിനോദയാത്ര ഏകദിന ആരോഗ്യ ശില്പശാല എന്നിവ നടത്തി.

(8) വിവിധ സാമൂഹ്യ സംഘടനകളുടെ സഹകരണത്തോടെ യോഗങ്ങളും സെമിനാറുകളും നടത്തി.

(a) ഭവാനിയുടെ രക്ഷ – അട്ടപ്പാടിയുടെ സുരക്ഷ

(b) വന സംരക്ഷണം – വൃക്ഷത്തൈ വിതരണം

(c) സംസ്കാരവും – പൈതൃകവും - V.E.O ഡോ. രാമൻ, T.T. I (IR) ശ്രീ. ശിവദാസ്, കോർഡിനേറ്റർ ശ്രീ. പ്രതാപൻ, ശ്രീ. ഈശ്വരൻ എന്നിവർ ക്ലാസ്സുകൾ നടത്തി.

(d) ജീവിത മൂല്യങ്ങൾ – ജീവിത വിജയം:
യുവതീ യുവാക്കളെ ഉൾപ്പെടുത്തി വിവിധ വിഷയങ്ങളിൽ ഡിബേറ്റ്, സെമിനാറുകൾ എന്നിവ നടത്തി.

(9) അമൃതപുരി എഞ്ചിനീയറിംഗ് കോളേജിലെ പ്രഥമ എം.ടെക് (സൈബർ സെക്യൂരിട്ടി)യിലെ കുട്ടികളും അദ്ധ്യാപകരും അടങ്ങുന്ന 25 അംഗ സംഘം അട്ടപ്പാടിയിലെ മുള്ളി ഗ്രാമത്തിലെ മഠത്തിന്റെ സൗജന്യ ട്യൂഷൻ സെന്റർ സന്ദർശിച്ചു. കുട്ടികൾക്ക് പഠന ഉപകരണങ്ങൾ, കളിസാധനങ്ങൾ, രക്ഷിതാക്കൾക്ക് ഭക്ഷണ സാധനങ്ങൾ, വസ്ത്രം, മെഴുകുതിരി, പച്ചക്കറി വിത്തുകൾ, ജൈവവളം എന്നിവ വിതരണം ചെയ്തു. ഗ്രാമവാസിയുടെ ഭവനത്തിൽ സദ്യ തയ്യാറാക്കി വിതരണം ചെയ്തു. ടാബ്ലറ്റ് (കമ്പ്യൂട്ടർ) ഉപയോഗിച്ചുള്ള പഠനത്തിന് അദ്ധ്യാപകർക്ക് കൂടുതൽ പരിശീലനം നൽകി.

ഒന്നാം ക്ലാസ്സ് മുതൽ ഒമ്പതാം ക്ലാസ്സ് വരെയുള്ള 50–ഓളം ആദിവാസി കുട്ടികളെ അട്ടപ്പാടിയുടെ കേന്ദ്രസ്ഥാനമായ അഗളിയിൽ കൊണ്ടുവന്ന് പഠനത്തിനും വിനോദത്തിനും വേണ്ടിയുള്ള കലാപരിപാടികൾ, വീഡിയോകൾ എന്നിവ കാണിച്ചു.

ഞങ്ങൾ ലഹരി ഉപയോഗിക്കില്ല, പുകവലിക്കില്ല, വെറ്റില മുറുക്കില്ല. ഞങ്ങളുടെ വീട്ടിലുള്ളവരെ ഇതിൽനിന്നെല്ലാം ഞങ്ങൾ വിമുക്തരാക്കും....

സത്യം.... സത്യം.... സത്യം.

അഗളിയിലെ അഹാഡ്സ് ഹാളിൽ വെച്ച് ആദിവാസി ഗ്രാമത്തിലെ കുട്ടികളും എം.ടെക് കുട്ടികളും, ട്രൈബൽ വാളണ്ടിയർമാരും അടങ്ങുന്ന 80 ഓളം ആൾക്കാർ പ്രതിജ്ഞ ഏറ്റുചൊല്ലി. ആദിവാസി മേഖലയിലെ ലഹരി വിമോചനകേന്ദ്രത്തിന് ഇതൊരു പുത്തൻ ഉണർവ്വേകി.

(10) സൗജന്യ തയ്യൽ ക്ലാസ്സുകൾ കോവിൽമേടിലുള്ള അമൃത പുനരധിവാസ കേന്ദ്രത്തിൽ ആരംഭിച്ചു.

(11) ഭാരത സർക്കാർ – എം.എസ്.എം. ഈ മന്ത്രാലയത്തിന്റെ സഹായത്തോടെ ആദിവാസി യുവാക്കൾക്കായി സ്റ്റൈഫന്റോടെയും, മറ്റുള്ളവർക്കു് സൗജന്യമായും കംമ്പ്യൂട്ടർ ക്ലാസ്സുകൾ നടത്തുന്നു.

(12) ആദിവാസി യുവാക്കളെ പി.എസ്.സി. പരീക്ഷയ്ക്കു് തയ്യാറാക്കാനുള്ള ഒരു സെന്ററും; പഴം–പച്ചക്കറി സംസ്കരണവും ഉത്പന്ന നിർമ്മാണവും; ഹാരങ്ങൾ, ബൊക്കെകൾ എന്നിവയുടെ നിർമ്മാണത്തിൽ പരിശീലനവും ഉടനെ ആരംഭിക്കുന്നു.

(13) ഗാർഹിക ഉത്പന്നങ്ങളുടെ (സോപ്പ് പൗഡർ, തുള്ളി നീലം, ലിക്വിഡ് ക്ലീനർ) നിർമ്മാണവും വില്പനയും 12–ഓളം ചെറുപ്പക്കാരെ പഠിപ്പിച്ചു.

(14) ആദിവാസി ഊരുകളിൽ ഉത്പാദിപ്പിക്കുന്ന കാർഷിക – മരുന്ന് സാധനങ്ങൾ സംഭരിക്കാനും വിപണനം നടത്താനും വേണ്ട തയ്യാറെടുപ്പുകൾ നടക്കുന്നു.

(15) പാരിപ്പള്ളി – അമൃത സ്കൂളിൽ പഠിച്ച കുട്ടികളുടെ യോഗം (പൂർവ്വ വിദ്യാർത്ഥി സംഗമം) ഒക്ടോബർ 26–ാം തീയതി അഗളിയിലെ എ.എച്ച്.എ.ഡി–സിന്റെ കോൺഫ്രൻസ് ഹാളിൽ ചേർന്നു. മുപ്പതോളം (30) പൂർവ്വവിദ്യാർത്ഥികളും ഇരുപതോളം (20) ഗുണഭോക്താക്കളും പങ്കെടുത്തു. പാരിപ്പള്ളിയിലെ പൂർവ്വവിദ്യർത്ഥി കൂടിയായ ബ്രഹ്മചാരിണി മീര കുട്ടികളോട് സംസാരിച്ചു. വിവിധ ഊരുകൾ സന്ദർശിച്ചു. പൂർവ്വവിദ്യാർത്ഥികൾക്കായി സൈലന്റ് വാലിയിലേയ്ക്കുള്ള ഒരു സന്ദർശന പരിപാടിയും നടത്തി. ഓർമ്മകൾ പുതുക്കുവാനും ഒന്നിച്ച് ഭജന നടത്തുവാനും കുട്ടികൾക്കു് അവസരം ലഭിച്ചു. മൂന്ന് (3) പൂർവ്വ വിദ്യാർത്ഥികൾക്കു് ജോലിക്കുള്ള ഏർപ്പാടുകൾ ചെയ്തു. കൂടുതൽ ആൾക്കാർക്കു് പഠിക്കുവാനും ജോലിക്കും വേണ്ട നടപടികൾ ആരംഭിച്ചു.

(16) നവംബർ 30–താം തീയതി നടത്തിയ മറ്റൊരു പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ സ്വാമി തുരീയാമൃതാനന്ദപുരി, ബ്രഹ്മചാരികൾ,

ബ്രഹ്മചാരിണികൾ പങ്കെടുത്തു. സ്വാമി പ്രണവാമൃതാനന്ദപുരിയുടെ പ്രത്യേക ആശംസകൾ പറയുവാൻ പ്രതിനിധികൾ എത്തിയിരുന്നു. കോളേജു് കുട്ടികൾ സമാഹരിച്ച ഭക്ഷണസാധനങ്ങളും, വസ്ത്രങ്ങളും നവംബർ 27, 28 തീയതികളിലായി ഏലാച്ചിവഴി, ഷോളയൂർ, കുള്ളി, കാവുണ്ടിക്കൽ എന്നീ ഊരുകളിൽ വിതരണം ചെയ്തു. ഉയർന്ന പഠനങ്ങൾക്കു് ശേഷം ജോലി ലഭിച്ച നേൻച്ചൻ, ഈശ്വരൻ, വിജയൻ തുടങ്ങിയവരെ ആദരിച്ചു. 'ആയുധ്'-ന്റെ യൂണിറ്റു് ഉത്ഘാടനം ചെയ്തു. 1000 പേർക്കുള്ള കംമ്പ്യൂട്ടർ പഠന പദ്ധതിയ്ക്കു് ആരംഭം കുറിച്ചു.

(17) ***"വിദ്യാഭ്യാസം ജീവിത മാർഗത്തിനുവേണ്ടിയുള്ളതുമാത്രമാകരുത്. ജീവിതത്തെ പഠിക്കാൻ, ലോകത്തെ അറിയാൻ, അതിലൂടെ ഒരു നല്ല സംസ്കാരത്തിനുള്ള മാർഗമായിരിക്കണം."* — അമ്മ** മാതാ അമൃതാനന്ദമയി ദേവി തന്റെ യൂറോപ്യൻ പര്യടത്തിനിടയിൽ ആദരണീയനായ പോപ്പിന്റെ ക്ഷണം സ്വീകരിച്ചു് വത്തിക്കാനിൽ നടന്ന ആത്മീയ ആചാര്യന്മാരുടെ യോഗത്തിൽ പങ്കെടുത്തു് സംസാരിച്ചു.

ഈ വാക്കുകളെ അന്വർത്ഥമാക്കികൊണ്ടു് ഒരു പുതിയ വിദ്യാഭ്യാസ സംസ്കാരം അമൃതവിദ്യാലയങ്ങളിൽ രൂപം കൊള്ളുന്നു.

(18) നവംബർ 29-ാം തീയതി പാലക്കാടു് അമൃതവിദ്യാലയത്തിലെ 160-ഓളം കുട്ടികൾ അട്ടപ്പാടിയിലെ വിവിധ ഊരുകൾ സന്ദർശിച്ചു് ആഹാരസാധനങ്ങളും, വസ്ത്രങ്ങളും വിതരണം ചെയ്തു.

(19) ഡിസംബർ 11-ാം തീയതി അഗളി-കോവിൽമേട്ടിൽ അമൃത സെന്ററിൽ വെച്ചു് കംമ്പ്യൂട്ടർ കോഴ്സ് പൂർത്തിയാക്കിയ കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റുകൾ എം.എസ്.എം. ഇ അസിസ്റ്റന്റു് ഡയറക്ടർ  ശ്രീ. ജി.എസ്. പ്രകാശിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കുലൂക്കൂർ ഊര് മൂപ്പൻ ശ്രീ. രംഗസ്വാമി വിതരണം ചെയ്തു. ജില്ലാ പഞ്ചായത്തു് മെമ്പർ ശ്രീമതി. ഈശ്വരി രേശൻ വിശിഷ്ഠാധിതിയായിരുന്നു. സർട്ടിഫിക്കറ്റുകൾ വാങ്ങിയ കുട്ടികൾ യോഗത്തിൽ വെച്ചു് അമ്മയോടും മഠത്തിനോടുമുള്ള നന്ദിയും ആദരവും പ്രകടമാക്കി സംസാരിച്ചു. ഈ കുട്ടികൾക്കുള്ള ജോലി സാധ്യതകൾ അന്വേഷിക്കുന്നു.

(20) ഡിസംബർ 13-ാം തീയതി നെല്ലിപതി മല്ലേശ്വര സ്കൂളിൽ വെച്ചു് നടന്ന വിവേകാനന്ദമിഷന്റെ ദേശവാർഷിക യോഗത്തിൽ അമൃത സെന്ററിനെ പ്രതിനിധീകരിച്ചു് മിസ്. രാധാമണി അട്ടപ്പാടിയിൽ നടക്കുന്ന അമ്മയുടെ ആദിവാസി ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചു് സംസാരിച്ചു. ആദിവാസികളുടെ സംസ്കാരവും പാരമ്പര്യവും

നിലനിർത്തുന്നതിനുവേണ്ടിയും അവരുടെ ആരോഗ്യ-വിദ്യാഭ്യാസ- തൊഴിൽ മേഖലകളിലെ പുനരധിവാസത്തിനും വേണ്ടി ഒറ്റക്കെട്ടായി പ്രവർത്തിക്കുവാൻ യോഗം തീരുമാനമെടുത്തു.

(21) അമേരിക്കയിൽ നിന്നുമെത്തിയ ശ്രീക്കുട്ടി, ദിവ്യ എന്നിവർ ആദിവാസി കുടിലുകൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ എടുത്തു. കാതറീൻ, റീത്ത എന്നിവർ ആദിവാസി ക്ഷേമത്തിനായി പ്രവർത്തിക്കുവാൻ വേണ്ട സഹായങ്ങൾ ചെയ്തു.

(22) അമൃത എഞ്ചിനീയറിംഗ് കോളേജ്, എട്ടിമട; അമൃത ആശുപത്രി, കൊച്ചി; അമൃത ആയുർവേദ കോളേജ് വള്ളിക്കാവ്, എന്നിവിടങ്ങളിൽ വീണ്ടും 9 (ഒൻപതോളം) പേർക്കുകൂടി ജോലി കൊടുക്കാൻ സാധിച്ചു.

(23) അട്ടപ്പാടിയിലെ മൂന്നു പഞ്ചായത്തിലെയും ഓരോരോ ഊരുകളിൽ സൗജന്യ കമ്പ്യൂട്ടർ, തയ്യൽ പഠനം, സൗജന്യ ട്യൂഷൻ എന്നിവ ആരംഭിക്കുന്നു. കോവിൽമേടിലെ അമൃത സെന്ററിൽ സൗജന്യ വെക്കേഷൻ ക്ലാസ്സുകൾ ഏപ്രിൽ 2 (രണ്ട്) മുതൽ ആരംഭിക്കുന്നു.

(24) പാരിപ്പള്ളിയിൽ നിന്നും മധ്യവേനൽ അവധിക്കെത്തുന്ന കുട്ടികളുടെ, ഏപ്രിൽ ആദ്യ ആഴ്ച നടക്കുന്ന സംഗമത്തിൽ എട്ടിമട അമൃത എഞ്ചിനീയറിംഗ് കോളേജിൽ സാമൂഹ്യ ക്ഷേമത്തിൽ ബിരുദാനന്തര ബിരുദത്തിനായി പഠിക്കുന്ന കുട്ടികളും പ്രൊഫസർമാരും പങ്കെടുക്കുന്നു. ഡോ. ഉഷ ബോധവൽക്കരണ ക്ലാസ്സ് എടുത്തു.

(25) അന്താരാഷ്ട്ര യോഗാ ദിനം 21-08-2015 ആചരിച്ചു. കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി സൗജന്യ യോഗ ക്ലാസ്സുകൾ ആരംഭിച്ചു.

(26) അധ്യാപകദിനം 05-09-2015 അട്ടപ്പാടിയിലെ ടീച്ചർ യോഗ്യത നേടിയ ട്രൈബൽ യുവാക്കളെ ആദരിച്ചു. പൊന്നാടയും സാമ്പത്തികസഹായവും നൽകി.

(27) അമ്മയുടെ 62-ാം ജന്മദിനത്തിൽ പങ്കെടുക്കുവാനായി 40- ഓളം ട്രൈബൽ യുവാക്കളെ അമൃതപുരിയിൽ എത്തിച്ചു. അവരുടെ പാരമ്പര്യ നൃത്തവും നടത്തി.

(28) മഞ്ചേരി അമൃതോത്സവത്തോടനുബന്ധിച്ച് ചെടികൾ വിതരണം ചെയ്യുന്ന കർമ്മം സ്വാമി കൃപാമൃതാനന്ദപുരി ഉത്ഘാടനം നടത്തി. പ്രകൃതിസംരക്ഷണത്തെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സും നടത്തി.

(29) സൈലന്റ്‌വാലി കാണാത്ത 10–ഓളം ആദിവാസി ചെറുപ്പക്കാരെ തലേദിവസം മുക്കാലിയിൽ കൊണ്ടുപോയി താമസിപ്പിച്ചു, പിറ്റേദിവസം സൈലന്റ്‌വാലി കാണിച്ചുകൊടുത്തു.

(30) മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത 3 രോഗികളെ വിദഗ്ദ്ധ ചികിത്സയ്ക്കായി എയിംസിലേയ്ക്കയച്ചു.

(31) വാഹന സൗകര്യം ഇല്ലാത്ത, പത്തോളം (10) ആദിവാസി ഊരുകളിലെ പെൺകുട്ടികളെ തിരഞ്ഞെടുത്ത് ഹെൽത്ത് വർക്കർ പരിശീലനത്തിനായി സ്വാമി വിവേകാനന്ദ ആശുപത്രിയിൽ ചേർത്തിരിക്കുന്നു. ഇവരുടെ തിരഞ്ഞെടുപ്പിനും ക്ലാസ്സുകൾക്കുമായി സൈക്കോളജിസ്റ്റ് ഡോക്ടർ അരുൺ എത്തിയിരുന്നു.

(32) കംമ്പ്യൂട്ടർ, ടാബ്‌ലെറ്റ് ക്ലാസ്സുകൾ നടത്തുവാനായി അമൃതപുരി എൻജിനീയറിംഗ് കോളേജിലെ ശ്രീമതി രത്നം അട്ടപ്പാടിയിൽ എത്തി. ഗ്രാമീണ സാങ്കേതികവിദ്യയിൽ ആദിവാസി വിഭാഗത്തിനായി ചില കാര്യങ്ങൾ ചെയ്യുവാനും, ഈ വിഷയത്തിൽ ഒരു പ്രബന്ധം തയ്യാറാക്കുവാനും ഒരുങ്ങുന്നു.

(33) അമ്മയുടെ പാലക്കാട് സന്ദർശത്തിനോടനുബന്ധിച്ച് അട്ടപ്പാടിക്കാരായ 20–ഓളം ട്രൈബൽ ചെറുപ്പക്കാരെ സേവനത്തിനും, ദർശനത്തിനുമായി 13–01–2016 ന് പാലക്കാട്ട് എത്തിച്ചു.

(34) അഗളി, ഷോളയാർ, പുതൂർ പഞ്ചായത്തുകളിൽ ചെറുപ്പക്കാരെയും കുട്ടികളെയും കംമ്പ്യൂട്ടർ പഠിപ്പിയ്ക്കുന്ന ജോലികൾ മിസ്റ്റർ. അനീഷ് വഴി ചെയ്യുന്നു. 4 കേന്ദ്രങ്ങളിൽ ക്ലാസ്സുകൾ കഴിഞ്ഞു, സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കോഴിക്കോട് അമൃതോത്സവത്തോടനുബന്ധിച്ച് അമ്മ തന്നെ ഒരു ബാച്ചിലെ കുട്ടികൾക്ക് സർട്ടിഫിക്കറ്റ് നൽകി. മറ്റൊരു ബാച്ചിലെ കുട്ടികൾക്ക് കോയമ്പത്തൂരിൽവെച്ച് അമ്മ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

(35) അഗളി അയ്യപ്പൻവിളക്കിനോടനുബന്ധിച്ച് കുട്ടികൾക്ക് വസ്ത്രദാനവും അന്നദാനവും നടത്തി.

(36) ശിവരാത്രിയോടനുബന്ധിച്ചുള്ള ചെമ്മണ്ണൂർ മല്ലീശ്വരൻ ക്ഷേത്രത്തിലെ സേവനപ്രവർത്തനങ്ങളിൽ അമൃതസെന്റർ യുവാക്കളും പങ്കുചേർന്നു. ആദിവാസി നൃത്തം സ്റ്റേജിൽ നടത്തി.

(37) എം.എസ്.എം.ഇ (MSME) കേന്ദ്രവ്യവസായ വകുപ്പിന്റെ സഹായത്താൽ അട്ടപ്പാടിയിലെ 25–ഓളം ചെറുപ്പക്കാർക്കായി വ്യവസായ സംരംഭകത്വ പരിശീലനം ഫെബ്രുവരി 12 മുതൽ മാർച്ച് 5

വരെയുള്ള പതിനഞ്ച് (15) ദിവസങ്ങളിൽ നടത്തി. ക്യാമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉത്ഘാടനം ചെയ്തു. ക്യാമ്പ് സമാപനയോഗം ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ ശ്രീധരൻ സാർ ഉത്ഘാടനം ചെയ്തു, സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. യോഗത്തിൽ എം.എസ്.എം.ഇ (MSME) അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പ്രകാശ് അധ്യക്ഷനായിരുന്നു. ഗ്രാമസേവകൻ – രാമൻ, ട്രൈബൽ പ്രമോട്ടർ – സബിത, വ്യവസായ വികസന ഓഫീസർ – പ്രജീഷ്, ഡോക്ടർ അജീഷ് – എയിംസ്, ലയൺസ് ക്ലബ് പ്രസിഡന്റ് – രാജു, പ്രകൃതിസംരക്ഷണ ശാസ്ത്രജ്ഞൻ – ഡോ. നിഖിൽ, ആന്ത്രപോളജിസ്റ്റ് – ഡോ. ഉഷ, അമൃതസെർവ് പ്രോജക്ട് കോർഡിനേറ്റർ – ഡോ. ശ്രീരാം, എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സ് എടുത്തു.

(38) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി കൂടുതൽ ബോർഡുകൾ വെച്ചു. ബോധവത്കരണ ക്ലാസ്സുകളും നടത്തി.

(39) മാർച്ച് 26–ാം തീയ്യതി അഗളി ഗവഃ എൽ.പി.സ്കൂളിൽ വെച്ച് സൗജന്യ ആയൂർവ്വേദ പരിശോധന, മരുന്നു വിതരണം, നേത്രപരിശോധന, കണ്ണട വിതരണം, ഡയബറ്റിക് പരിശോധന ബോധവത്കരണ ക്ലാസ്സ് എന്നിവ നടത്തി. പാലക്കാട് അഹല്യ ആശുപത്രിയിൽ നിന്നും വന്ന ഡോക്ടർമാർ, ടെക്നീഷ്യൻമാർ എന്നിവർ 160– ഓളം രോഗികളെ പരിശോധിച്ചു. 12 പേർക്കു കണ്ണട വിതരണം നടത്തി.

(40) അട്ടപ്പാടിയിലെ ശിരുവാണി, ഷോളയൂർ സ്ഥലങ്ങൾ സന്ദർശിച്ചിട്ടില്ലാത്ത 15 ഓളം ആദിവാസി ചെറുപ്പക്കാർക്കായി ഒരു ഏകദിന പഠനയാത്ര ഏപ്രിൽ ഒന്നാം തീയ്യതി നടത്തി. ശിരുവാണി വെള്ളച്ചാട്ടവും ഊരും സന്ദർശിച്ച ഇവർക്കൊപ്പം പാലക്കാട്ടു നിന്നും എത്തിയ സ്കൂൾ ടീച്ചർമാരും ഉണ്ടായിരുന്നു. വസ്ത്രദാനവും ഭക്ഷണ സാധനങ്ങളുടെ വിതരണവും ഷോളയൂർ ആദിവാസി ഊരിൽ ചെയ്തു.

(41) അമൃതട്രൈബൽ സെന്റർ എന്ന വെബ്സൈറ്റ് ആരംഭിച്ചു. 'മാം അട്ടപ്പാടി' എന്ന ഫേസ്ബുക്കും ആരംഭിച്ചു. കൂടുതൽ ജനങ്ങൾക്ക് അമ്മയുടെ, മാതാ അമൃതാനന്ദമയി മഠത്തിന്റെ ആദിവാസി ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുള്ള സന്ദേശങ്ങൾ എത്തിക്കുവാനും ഇവ ഉപകരിക്കുവാൻ അമ്മയുടെ സങ്കൽപ്പങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

(42) അനാഥർക്കും അവിവാഹിത അമ്മമാർക്കും താമസസൗകര്യങ്ങൾ (സർക്കാർ സഹായത്തോടെ തയ്യാറാകുന്നു)

(43) ട്രൈബൽ ഹെൽത്തു വർക്കർ കോഴ്സിന്റെ രണ്ടാം ബാച്ച് – 10 യുവതികൾ – ഏപ്രിൽ 30–ാം തീയ്യതി പരിശീലനം അവസാനിപ്പിച്ചു സേവനപ്രവർത്തനത്തിലേയ്ക്കിറങ്ങുന്നു.

ദുർഘടമായ വഴികളും കാട്ടാനയുടെ ശല്യവും കാരണം താമസം, ഭക്ഷണം, യാത്രാസൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് തടസ്സങ്ങൾ സൃഷ്ടിച്ചിരുന്നു എങ്കിലും കൂട്ടായ പ്രവർത്തനങ്ങളിലൂടെ അമ്മയുടെ അനുഗ്രഹത്താൽ പ്രവർത്തനങ്ങൾ വിജയകരമാക്കുവാൻ സാധിച്ചു എന്നറിയിച്ചുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നു.

അമ്മയുടെ തൃപ്പാദങ്ങളിൽ

കോർഡിനേറ്റർ